LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ 321-ാം വകുപ്പ് പ്രകാരം.

(ബി) 27-1-2005 20882/എൽ1/02/ആഭ്യന്തരം നമ്പർ സർക്കുലറിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും ക്രിമിനൽ നടപടി നിയമസംഹിതയിലെ 321-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിലുമാണ് സർക്കാരിൽ ലഭിക്കുന്ന ഹർജികളിന്മേൽ തീരുമാനം കൈകൊള്ളുന്നത്.

(സി) വകുപ്പ് 321 പ്രകാരം ഒരു പ്രതിക്കെതിരായ കേസ്സോ എല്ലാ പ്രതികൾക്കുമെതിരായ കേസ്സോ, ഒരാളെ വിചാരണ ചെയ്യുന്ന കുറ്റങ്ങളിൽ ഏതെങ്കിലും ഒന്നോ, എല്ലാമോ സംബന്ധിച്ചും പിൻവലിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുള്ളതാണ്. പബ്ലിക് പ്രോസിക്യൂട്ടറാണ് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് തന്റെ വിവേചനാധികാരമുപയോഗിച്ച് ഒരു തീരുമാനം കൈകൊള്ളേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതും. പ്രോസിക്യൂഷൻ പിൻവലിക്കുന്ന സന്ദർഭങ്ങളിൽ സർക്കാരോ പ്രോസിക്യൂട്ടറോ, കോടതിയോ, ഒരു പ്രതിയോ, എല്ലാ പ്രതികളുമോ ആ കേസ്സിൽ അപരാധിയാണോ, നിരപരാധിയാണോ എന്ന കാര്യം പരിശോധിക്കുന്നില്ല. അപ്രകാരം ഒരു പരിശോധനയ്ക്ക് നിയമം അനുശാസിക്കുന്നുമില്ല.

(ഡി) ഈ സർക്കാർ കേസ് പിൻവലിക്കാൻ സമ്മതപത്രം നൽകിയ ക്രിമിനൽ കേസുകളുടെ എണ്ണം 4718-ഉം, വിജിലൻസ് കേസുകളുടെ എണ്ണം 11-ഉം ആണ്.

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനം

216 (217) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ചിട്ടിക്കമ്പനികൾ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ എന്നിവ, റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതെന്ന് സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടോ ;

(ബി) മുത്തൂറ്റ്, മണപ്പുറം ഫിനാൻസ് പോലുള്ള സ്ഥാപനങ്ങൾ, ഇടപാടുകാരിൽനിന്ന് അമിതമായ പലിശ ഈടാക്കുന്നു എന്ന പരാതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) മോട്ടോർ വാഹനങ്ങൾക്ക് സാമ്പത്തിക വായ്പ നൽകുന്ന സ്ഥാപനങ്ങൾ കൊള്ളപ്പലിശ ഈടാക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ & ബി) ഉണ്ട്. സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ചിട്ടിക്കമ്പനികൾ, പണമിടപാട് സ്ഥാപനങ്ങൾ എന്നിവർക്കെതിരെ ഓപ്പറേഷൻ കുബേരയിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നതിനായി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സാധാരണക്കാരുടെ വാഹന വായ്പ ഉൾപ്പടെയുള്ള സാമ്പത്തിക ആവശ്യങ്ങൾ ബാങ്ക് മുഖേനയോ, സഹകരണ സ്ഥാപനങ്ങൾ മുഖേനയോ അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ, നടത്തണമെന്ന് പൊതുജനങ്ങളെ ബോധവൽക്കരിച്ചു വരികയാണ്. ഇത്തരം അനധികൃത പണമിടപാട് സ്ഥാപനങ്ങളുമായോ, അമിത പലിശക്കാരുമായോ ഇടപാടുകൾ നടത്തരുതെന്നും പൊതുജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

നിരീക്ഷണ ക്യാമറകൾ

217 (218) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ പോലീസ് വകുപ്പ് എത്ര നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; ഇവയിൽ പ്രവൃത്തിക്കാത്തവ എത്ര ;

(ബി) ഈ വർഷം എത്ര നിരീക്ഷണ ക്യാമറകൾ പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്നു ; ഏതെല്ലാം തരത്തിലുള്ള സ്ഥലങ്ങളാണ് ഇതിനായി പരിഗണിക്കുന്നത് ;

(സി) ക്യാമറകളിലൂടെയുള്ള നിരീക്ഷണങ്ങളുടെ ഫലമായി സുരക്ഷാ രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായി ; കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ ഇത് എത്തെല്ലാം നിലയിൽ സഹായകരമായിട്ടുണ്ട് ;

(ഡി) ഏത് ഏജൻസി വഴിയാണ് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത് ; ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ 592 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അടിക്കടി കേടായവ നന്നാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly